**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1697** **20-06-2024 - ൽ മറുപടിയ്ക്ക്**

**വരൾച്ചയെ തുടർന്നുള്ള കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ചാ കാലത്ത് സംസ്ഥാനത്തുണ്ടായ കൃഷിനാശം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഉണ്ട്. 2024 ഫെബ്രുവരി - മെയ് മാസങ്ങളിൽ ഉണ്ടായ കടുത്ത വരൾച്ച മൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തുടനീളം 23021 ഹെക്ടറിൽ നേരിട്ട് കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ നഷ്ടം ഉണ്ടായതായും കണക്കാക്കുന്നു. പരോക്ഷമായി 23569 ഹെക്ടറിൽ 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. പ്രധാന വിളകളിൽ നെല്ല് 1854 ഹെക്ടർ, വാഴ 2091 ഹെക്ടർ, കുരുമുളക് 1251 ഹെക്ടർ, തെങ്ങ് 160 ഹെക്ടർ, ഏലം 16229 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടുള്ള നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണമായും നശിച്ചു പോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിശ്ചിത പ്രീമിയം ഒടുക്കി പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡപ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരത്തിനായി എയിംസ് പോർട്ടൽ മുഖേന |

| | | | |
|---|---|---|---|
| | | | അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2024 ഫെബ്രുവരി മുതൽ മെയ് മാസം വരെ വരൾച്ച മൂലം കൃഷിനാശം നേരിട്ട കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി എയിംസ് പോർട്ടലിൽ ഉഷ്ണതരംഗം എന്ന വിഭാഗത്തിൽ പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് 07.06.2024 വരെയും നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് 30.06.2024 വരെയും സമയ പരിധി അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതു ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വരൾച്ച മൂലം ഉണ്ടായ നാശ നഷ്ടം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷികോൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്. |
| (സി) | നഷ്ടപരിഹാരം നൽകുന്നത്തിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിശ്ചിത പ്രീമിയം ഒടുക്കി പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡപ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരത്തിനായി എയിംസ് പോർട്ടൽ മുഖേന അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>2024 ഫെബ്രുവരി മുതൽ മെയ് മാസം വരെ വരൾച്ച മൂലം കൃഷിനാശം നേരിട്ട കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി എയിംസ് പോർട്ടലിൽ ഉഷ്ണതരംഗം എന്ന വിഭാഗത്തിൽ പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് 07.06.2024 വരെയും നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് 30.06.2024 വരെയും സമയ പരിധി അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതു ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വരൾച്ച മൂലം ഉണ്ടായ നാശ നഷ്ടം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷികോൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്. |
| (ഡി) | വിവിധ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത കർഷകരെ സഹായിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ? | (ഡി) | കാർഷിക വായ്പ തിരിച്ചടക്കാനാവാതെ പ്രയാസമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി, വായ്പയുടെ മേൽ ഇളവ് പ്രഖ്യാപിക്കുന്ന വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ